**പതിനാലാം കേരള നിയമസഭ**

**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1928** **10.03.2020 - ൽ മറുപടിക്ക്.**

**പുറമ്പോക്കുകളിലെ താമസക്കാർക്ക് റേഷൻ കാർഡ്**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.സണ്ണി ജോസഫ് :** | | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| **(എ)** റോഡ്, തോട്, റെയിൽ പുറമ്പോക്കുകളിൽ താമസിക്കുന്നവർക്ക് റേഷൻ കാർഡ് നൽകുന്ന നടപടി ഏത് ഘട്ടത്തിലാണ്; | **(എ) യും (ബി) യും (സി) യും** | റോഡ് വക്കിലും റയിൽവേ ലൈൻ പരിസരത്തും തോട് വക്കിലുമുൾപ്പെടെ പുറമ്പോക്കിൽ ഷെഡ് കെട്ടി താമസിക്കുന്നവർക്ക് വീട്ടുനമ്പർ ഇല്ലാതെ തന്നെ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ പരിശോധനയിൽ റേഷൻ കാർഡില്ലായെന്ന് ബോധ്യപ്പെടുന്ന പക്ഷം റേഷൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം സംസ്ഥാനത്തിന് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തേണ്ടവരുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 1,54,80040 ആണ്. ആയതിനാൽ നിലവിൽ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്ന അനർഹരെ കണ്ടെത്തി ഒഴിവാക്കി ലഭ്യമാകുന്ന ഒഴിവുകളിൽ മാത്രമേ അർഹരെ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. അതു പ്രകാരം ഇപ്രകാരമുള്ളവർക്ക് ആദ്യം മുൻഗണനേതര കാർഡാണ് നൽകുന്നതെങ്കിലും ഇവരെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള അപേക്ഷകൾ പരിശോധിച്ച് ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുമ്പോൾ വെയിറ്റേജ് ആയി 10 മാർക്ക് ഉൾപ്പെടെ ആകെ 30-ഓ അതിൽ കൂടുതലോ മാർക്ക് ലഭിക്കുന്നവരെ സാധ്യതാ പട്ടികയിൽ ഉൾപ്പെടുത്തുകയും അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് സീനിയോറിറ്റി അനുസരിച്ച് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തി വരുകയും ചെയ്യുന്നു. നാളിതു വരെ സംസ്ഥാനത്ത് ഇപ്രകാരമുള്ള 235 കുടുംബങ്ങൾക്ക് റേഷൻകാർഡ് നൽകിയിട്ടുണ്ട്. |

(ബി) ഇവർക്ക് മുൻഗണനേതര വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് കാർഡ് നൽകിയതെന്ന ആക്ഷേപം ശരിയാണോയെന്ന് വെളിപ്പെടുത്താമോ;

(സി) ഇതിനകം ഇവരിൽ എത്ര പേർക്ക് കാർഡ് നൽകിയെന്നും ഇവർക്ക് മുൻഗണനേതര വിഭാഗത്തിൽ പെടുത്തി കാർഡ് നൽകിയത് ഏത് സാഹചര്യത്തിലാണെന്നും വ്യക്തമാക്കാമോ?

സെക്ഷൻ ഓഫീസർ